# കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

**(ഹാജർ - എ.എം.സുനിൽ കുമാർ)**

വിഷയം: - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ആസ്ഥാന കാര്യാലയങ്ങൾ, തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയം, കീഴ് കാര്യാലയങ്ങൾ എന്നിവിടങ്ങളിലെ സീനിയർ ക്ലാർക്കുമാരെ സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിച്ചത് - ഭേദഗതി വരുത്തുന്നത് - ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

പരാമർശം: -
1. ഈ കാര്യാലയത്തിലെ 12/07/2017-ലെ ഉത്തരവ് നം.എസ്.എ.(1)-28403/17
2. ഈ കാര്യാലയത്തിലെ 29/07/2017-ലെ ഉത്തരവ് നം.എസ്.എ.(1)-28403/17

**ഉത്തരവ് നമ്പർ എസ്.എ.(1)-28403/17 തീയതി 22/08/2017**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ആസ്ഥാന കാര്യാലയങ്ങൾ,തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയം, കീഴ് കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്ന സീനിയർ ക്ലാർക്കുമാരെ സ്ഥലം മാറ്റി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ട ഈ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.സിമിയ.എസ്.നെ ഈ കാര്യാലയത്തിലെ ചുമതലകളിൽ നിന്നും പരാമാർശം (2) ലെ ഉത്തരവ് പ്രകാരം വിടുതൽ ചെയ്യുകയുണ്ടായി. പരാമർശം (1) ലെ ഉത്തരവ് പ്രകാരം സ്ഥലം മാറ്റി നിയമിക്കപ്പെട്ട സീനിയർ ക്ലാർക്കുമാരായ ശ്രീമതി.ഷൈനി രാഘവൻ, ശ്രീ.അനൂപ് എന്നിവർ ഈ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി.

അതേ സമയം പരാമർശം (1) ലെ ഉത്തരവിൽ ഭേദഗതികൾ ആവശ്യമാണെന്ന് കാണുന്നു. ആയതിനാൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം സ്ഥലം മാറ്റപ്പെട്ടവരിൽ ശ്രീമതി.എസ്.സിമിയ, ശ്രീമതി.ഷൈനി രാഘവൻ, ശ്രീമതി.ഷമീം.ജെ., ശ്രീ.ഷാബു.ജി.എസ്. എന്നീ സീനിയർ ക്ലാർക്കുമാർ ഒഴികെയുള്ളവർക്ക് നല്കിയ സ്ഥലം മാറ്റങ്ങൾ ഇതിനാൽ റദ്ദു ചെയ്യുന്നു. മേൽ ഉത്തരവ് പ്രകാരം തിരുവനന്തപുരം പള്ളിച്ചൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്ത് ഡയറക്ടറേറ്റിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.അനൂപിനെ തിരികെ പള്ളിച്ചൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് തന്നെ മാറ്റി നിയമിക്കുന്നു. ടിയാൻ 20/07/2017 മുതൽ ഈ ഉത്തരവ് തീയതിവരെയുള്ള സേവനകാലം പള്ളിച്ചൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സേവനകാലമായി കണക്കാക്കാനും ഉത്തരവാകുന്നു. അതേ സമയം ശ്രീ.ഷാബു.ജി.എസ്., സീനിയർ ക്ലാർക്കിന് ഈ കാര്യാലയത്തിലേയ്ക്ക് നല്കിയ സ്ഥലം മാറ്റത്തിൽ ഭേദഗതി വരുത്തി ടിയാനെ സെൻട്രൽ സോയൽ & പ്ലാന്റ് ഹെൽത്ത് സെന്ററിലെ ക്ലാർക്ക് തസ്തികയിലെ ഒഴിവിലേയ്ക്കും ശ്രീമതി.ജെ.ഷെമീം, സീനിയർ ക്ലാർക്കിനെ നെടുമങ്ങാട് കൃഷി അസിസ്റ്റന്റ്

ഡയറക്ടറുടെ കാര്യാലയത്തിലേക്ക് നല്കിയ സ്ഥലം മാറ്റത്തിൽ ഭേദഗതി വരുത്തി തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയത്തിൽ സ്ഥലം മാറ്റിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ടി ജീവനക്കാരെ അടിയന്തിരമായി ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ വിടുതൽ ചെയ്യേണ്ടതും ടിയാളുകൾ ബന്ധപ്പെട്ട ഓഫീസുകളിൽ യഥാ സമയം ജോലിയിൽ പ്രവേശിക്കുകയും ടി വിവരം ഈ കാര്യായത്തിൽ അറിയിക്കേണ്ടതുമാണ്.

**ഒപ്പ്/-**
**ഡയറക്ടർ**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരികൾ / നിയന്ത്രണാധികാരികൾ മുഖാന്തിരം)
പകർപ്പ്:-

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊല്ലം
3. ചീഫ് സോയിൽ കെമിസ്റ്റ്, തിരുവനന്തപുരം
4. അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, ഡി.എസ്.റ്റി.എൽ., തിരുവനന്തപുരം
5. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, നെയ്യാറ്റിൻകര
6. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പള്ളിച്ചൽ
7. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പാറശ്ശാല
8. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കാട്ടാക്കട
9. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, നെടുമങ്ങാട്
10. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കഴക്കൂട്ടം
11. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ആറ്റിങ്ങൽ
12. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വാമനപുരം
13. കൃഷി ഓഫീസർ, എസ്.എസ്.എഫ്., ചിറയിൻകീഴ്
14. കൃഷി ഓഫീസർ, എസ്.എസ്.എഫ്., ഉള്ളൂർ
15. ഡയറക്ടറേറ്റിലെ എല്ലാ വിഭാഗങ്ങൾക്കും
16. എസ്.എ.(3), എസ്.എ.(4) സീറ്റുകൾ
17. ഡയറക്ടറുടെയും, എസ്.എ.ഒ.യുടെയും സി.എ.മാർക്ക്
18. ഡി.ഡി.എ., ഐ.റ്റി.സെൽ (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
19. സ്റ്റോക്ക് ഫയൽ / അധികം

ജൂനിയർ സൂപ്രണ്ട്
Junior Superintendent
SA Section
Directerate of Agriculture
Thiruvananthapuram - 33